പി.ഡബ്ല്യു.ഡി-ക്കുനൽകിയ തുകയുടെ ഓഡിറ്റ്

243 (6694) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പി.ഡബ്ല്യു.ഡി.-ക്ക് നൽകിയ തുകയുടെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(ബി) അപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഓഡിറ്റ് നടത്തിയിട്ടില്ലെങ്കിൽ ഇപ്രകാരം പി.ഡബ്ല്യു.ഡി. നൽകുന്ന തുകയുടെ എന്തു തരത്തിലുള്ള മോണിറ്ററിംഗ് സംവിധാനമാണ് വകുപ്പ് നടത്തിപ്പോരുന്നത് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ-സി) പട്ടിക വർഗ്ഗവികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി പി.ഡബ്ല്യു.ഡി.-ക്ക് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള തുക പ്രത്യേക ശീർഷകം മുഖേന കൈകാര്യം ചെയ്യുന്നത് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറാണ്. ടി തുക വിനിയോഗം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് നടക്കാറുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് കാലാകാലങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയും അവലോകനവും നടത്തിവരുന്നു.

കണ്ണൂർ, ചെറുപുഴ പഞ്ചായത്തിൽ പുതിയ ട്രൈബൽ ഓഫീസ്

244 (6695) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പുതിയതായി ട്രൈബൽ ഓഫീസുകൾ തുടങ്ങാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ കൂടുതലായി താമസിക്കുന്ന ചെറുപുഴ പഞ്ചായത്ത് കേന്ദ്രീകരിച്ച് ട്രൈബൽ ഓഫീസ് തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പി.&എ.ആർ.ഡി വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് ആസ്ഥാനമാക്കിയും, കാസർഗോഡ് ജില്ലയിൽ ചെറുപുഴ, പരപ്പ തുടങ്ങിയ സ്ഥലങ്ങളിലെ ആദിവാസികളുടെ സൗകര്യാർത്ഥം നീലേശ്വരം ആസ്ഥാനമാക്കിയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly